# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1070 10.08.2017 ൽ മറുപടിക്ക്**

**പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| എ) പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രതീക്ഷ ബസ് ഷെൽട്ടേർസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് കുത്തകാവകാശം നൽകിക്കൊണ്ട് ജി.ഒ.(ആർ.ടി) നം.932/2014/പി.ഡബ്ല്യു .ഡി തീയതി 03.07.2014 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | എ) & ബി) | പൊതുമരാമത്ത് റോഡിന്റെ പാതയോരങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി ജി ഒ (ആർ റ്റി) നം.932/2014/പി ഡബ്ല്യു ഡി പ്രകാരം ഏക നോഡൽ ഏജൻസിയായി പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു.<br>പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ അനധികൃതമായി സംഘടനകളും, സ്ഥാപനങ്ങളും ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്ന രീതിയിലും, പ്രാഥമിക തത്ത്വങ്ങൾ പാലിക്കാതെയും ഏകീകൃത രൂപകൽപന സവിശേഷതകളില്ലാതെയും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പ്രസ്തുത ഉത്തരവ് 2014 ൽ പൊതുമരാമത്ത് വകുപ്പ് പുറത്തിറക്കിയത്. |
| സി) ഈ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;<br><br>ഡി) പ്രാദേശിക തലത്തിൽ രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും യാതൊരു അനുമതിയുമില്ലാതെ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കെ എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഇ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ മേൽ ഉത്തരവിലെ നിബന്ധന ഒഴിവാക്കാൻ സർക്കാർ സന്നദ്ധമാവുമോ? | സി) ഡി) & ഇ) | ഈ ഉത്തരവ് ഇപ്പോൾ നിലവിലില്ല . അത് റദ്ദാക്കുകയുണ്ടായി. നിലവിൽ എം എൽ എ മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോട് കൂടി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവും ഇല്ല. |

സെക്ഷൻ ഓഫീസർ